RESEARCH ARTICLE

DOI: 10.34256/ijmrd2114

Asian Research Association

INDIAN JOURNAL OF
MULTILINGUAL RESEARCH AND DEVELOPMENT

# Poothan Kali Songs : an analysis of their types, themes and functions

## പൂതൻകളി പാട്ടുകൾ: സംവർഗം,പ്രമേയം,ധർമം എന്നിവയെ അടിസ്ഥാനമാക്കിയുള്ള വിശകലനം

**H.K. Santhosh** [a,*]

[a] Department of Malayalam, SNGS College Pattambi, Mele Pattambi, Kerala-679306, India.
*Corresponding author Ph: +91 9037852621; Email: santhoshhrishikesh@gmail.com s
DOI: https://doi.org/10.34256/ijmrd2114
Received: 26-03-2021; Accepted: 28-03-2021 Published: 30-03-2021

**Abstract:** 'Panappoothan' is an art form performed by the Pana community at festivals at the Bhagvati temples in old Valluvanad district of Kerala. Unlike the Poothan performance of other castes, Panans also sing songs in their Poothan and Andi kali. They perform 'anchati pattukal', hymns and 'kummi pattukal' along with the performance. These songs have not yet been recorded in our folk song tradition or literary history. This essay analyzes these songs descriptively and determines the folk identity expressed in it.

**Keywords:** Poothan kali, Panan, Folk songs, Valluvanad.

**Language:** **Malayalam**

---

## പാണപ്പൂതൻ

പാണസമുദായക്കാർ കാവിലെ വേലയ്ക്ക് കെട്ടിയാടുന്ന കലാരൂപമാണ് പാണപ്പൂതൻ. പൂരം കൊടികയറി ഉൽസവനാളിന് മൂന്ന് നാൾ മുമ്പാണ് പാണപ്പൂതൻ കെട്ടുന്നത്. മണ്ണാന്മാരെയും പറയരേയും പോലെ തന്നെ ദേശത്തെ ഉത്സവങ്ങൾക്ക് പാണപ്പൂതൻ കെട്ടിയാടുന്നത് ആ പ്രദേശത്തെ പാണന്മാരുടെ അവകാശമാണ്. പകൽ സമയത്താണ് പാണപ്പൂതന്റെ വരവ്. മണ്ണാൻ/ പറയ പൂതങ്ങളിൽ നിന്ന് വ്യത്യസ്തമായി 15 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളാണ് പാണപ്പൂതൻ കെട്ടുക. പൂതൻ കെട്ടിയാൽ കാലത്ത് ദേവിയെ തൊഴുതു കളിച്ച് പിന്നീടുള്ള ദിവസങ്ങളിൽ ഊരുചുറ്റി ദേശത്തെ പ്രമുഖ തറവാടുകളിലൊക്കെ ചെന്ന് കളിച്ച് അവകാശങ്ങൾ വാങ്ങിയാണ് ഉത്സവനാളിൽ ഉച്ച തിരിഞ്ഞ് വേലവരവിനൊപ്പം ക്ഷേത്രത്തിലേക്ക് തിരിച്ചെത്തുന്നത്. ദേശിയായ ധാരാളം ഭേദങ്ങൾ പൂതനുണ്ട്. വെള്ളാട്ട് തന്നെ പൂതന്റെ ഒരു വകഭേദമാണെന്ന് പറയാം.

പൂതന് പ്രധാനമായും രണ്ട് വകഭേദങ്ങളാണുള്ളത്. 1) മേളത്തോടു കൂടിയ നൃത്തം 2) തുടികൊട്ടും പാട്ടും ചേർന്ന നൃത്തം. ഞാങ്ങാട്ടിരിക്കപ്പുറം കൂറ്റനാട്, ആമക്കാവ്, ചാലിശ്ശേരി ഭാഗങ്ങളിൽ നൃത്തത്തേക്കാൾ താളത്തിന് പ്രാധാന്യമുള്ള, പാട്ടില്ലാത്ത പൂതനാണ് കാണുന്നത്. ചെണ്ടയും ഇലത്താളവും ചേർന്ന് ശബ്ദായമാനമായ അന്തരീക്ഷമാണ് കൂറ്റനാടു ഭാഗങ്ങളിലെ പാണപ്പൂതൻ അവതരണത്തിനുള്ളത്. സങ്കീർണ്ണമായ മുഖമെഴുത്തോ, വേഷഭൂഷകളോ, മണ്ണാൻ പൂതനെ പോലെ മുഖം മറയ്ക്കുന്ന കോപ്പോ പാണപ്പൂതനിൽ കാണാൻ കഴിയില്ല. മണ്ണാൻ പൂതനെ അപേക്ഷിച്ച് ആഹാര്യഭംഗി കുറവാണ്. തികച്ചു ലളിതമായ ഒരു രൂപമാണിതിന്. ചുവടുകളും ലളിതമാണ്. കൂടുതൽ പ്രദേശങ്ങളിലും കാണുന്നത് തുടികൊട്ടിപ്പാട്ടിനനുസരിച്ച് ചുവടുവെക്കുന്ന പൂതനാണ്. രണ്ട് പൂതനേയും വേർതിരിച്ച് വിശദീകരിക്കാം.

## മേളം മാത്രമുള്ള പൂതൻകളി

വെള്ളത്തോർത്ത് തലയിൽ കെട്ടി അതിനുമുകളിൽ കിരീടം വയ്ക്കുന്നു. കിരീടത്തിന് മുൻവശത്തുമാത്രമാണ് അലങ്കാരമുള്ളത്. പിൻവശത്ത് കറുപ്പുകരയോടുകൂടിയ ചുവന്ന

തുണി തൂക്കിയിരിക്കുന്നു. മരംകൊണ്ടാണ് കിരീടം നിർമ്മിക്കുന്നത്. അതിന്മേൽ വിവിധതരം കല്ലുകൾ, ഗിൽറ്റ്, ലേയ്സ് തുടങ്ങിയവകൊണ്ട് അലങ്കാരം ചെയ്തിരിക്കുന്നു. പാളകൊണ്ടും കിരീടം നിർമ്മിക്കുക പതിവുണ്ട്. വിഷ്ണു കിരീടം എന്നാണ് കിരീടത്തിനു പറയുക.

മുഖത്ത് മഞ്ഞൾ, അരിമാവ്, കരി എന്നിവ കൊണ്ടാണ് അലങ്കാരം ചെയ്യുന്നത്. കരികൊണ്ട് മീശ വരച്ചിരിക്കും. കണ്ണിനു താഴെയും കരിയെഴുതും. ആഭരണങ്ങളൊന്നും ധരിക്കുകയില്ല. അറ്റങ്ങൾ കെട്ടിയിട്ട കസവുകരയുള്ള മുണ്ട് കഴുത്തിൽ തൂക്കുന്നു. വെള്ള കസവുകരയുള്ള മുണ്ട് ചെറുതായി മടക്കി പിറകോട്ട് ഉടുക്കുന്നു.

മറ്റ് പൂതങ്ങളെപോലെ നാടു മുഴുവൻ അരങ്ങാണ്. വീടുകളുടെ മുറ്റത്തോ ക്ഷേത്രമുറ്റത്തോ ആണ് കളിക്കുന്നത്, സവിശേഷ രംഗമണ്ഡപം ഇല്ല, ദീപവിധാനങ്ങളുമില്ല. ഞാങ്ങാട്ടിരിക്കപ്പുറമുള്ള മേളം മാത്രമായ പൂതത്തിന് മൂന്ന് ചെണ്ട, ഇലത്താളം, കുറ്റി എന്നിവയാണ് വാദ്യ ഉപകരണങ്ങൾ. ചെമ്പടത്താളത്തിലാണ് കൊട്ട്. കുംഭം, മീനം തുടങ്ങിയ മാസങ്ങളിലെ ഉത്സവസമയം. പകൽ സമയമാണ് പാണപ്പൂതൻ നടക്കുന്നത്. രാവിലെ മുതൽ ഉച്ചവരെ വീടുകളിൽ കളിക്കുന്നു. ഉച്ചക്കുശേഷം ക്ഷേത്രങ്ങളിലേക്ക് പോകുന്നു. ഏകദേശം ഇരുപതു മിനിട്ടോളം ഓരോ വീടിലും കളിക്കും.

മേളം മാത്രമുള്ള പൂതന് ചെണ്ടയുടെ വേളത്തിനൊത്ത് ഒരു കാൽ പൊന്തിച്ചു ചാടി ചാടിയാണ് ചുവടുവയ്ക്കുന്നത്. നാലു ദിശയിലേക്കും തിരിഞ്ഞു ഒരേ ചുവടുവച്ചുകളിക്കുന്നു. രണ്ടു കൈകളും കഴുത്തിൽ തുക്കിയ കസവുവേഷ്ടിയിൽ പിടിച്ചുകൊണ്ടാണ് കളിക്കുന്നത്. സവിശേഷമായ പാട്ടുകളില്ല.

പാണപ്പൂതൻ ചെന്നു കളിക്കുന്ന വീടുകളിൽ നിന്ന് അവകാശമായി അരി, നെല്ല്, നാളികേരം, കോടിമുണ്ട്, പണം എന്നിവ നല്കുന്നു. ഉയർന്ന ജാതിക്കാരുടെ വീടുകളിലേ പാണപ്പൂതൻ കയറുകയുള്ളൂ.

'ദേശത്തെ തണ്ടാൻമ്മാരെ ആശ്രയിച്ചാണ് പാണപ്പൂതൻ പുറപ്പെടുക. ആദ്യം അമ്പലത്തിൽ ചെന്നു തൊഴുത് ദേശത്തെ പ്രമുഖ തലവാടുകളിൽ ചെന്നു കളിക്കുന്നു.' (രാഘവൻ കുന്നത്തേര്).

## തുടികൊട്ടിക്കളിയുള്ള പൂതൻ

പൂതൻ കൂടുതലായും തുടികൊട്ടിക്കളിക്കുന്ന രീതിയിലാണ് കണ്ടുവരുന്നത്. തുടികൊട്ടിക്കളിക്കുന്ന പൂതനെ പറ്റി നാരായണൻ പറയുന്നു. "പൂതൻ സാത്വിക വേഷം ആണ്. പൂതം എന്നാൽ പരിശുദ്ധം എന്ന അർത്ഥത്തിലാണ്. (നാരായണൻ, പാലത്തോൾ) കളിക്കാനൊരാൾ. കൊട്ടാനും പാടാനും ഏറ്റുപാടാനും മറ്റുള്ളവർ എന്നാണ് കളിയുടെ സ്വഭാവം. പാണപ്പൂതന്റെ തുടി ഉപയോഗിച്ചുള്ള കൊട്ടു തന്നെ ഒരു ചോദ്യ മട്ടാണ്. ദാരികനെ അന്വേഷിക്കുന്നു എന്നാണ് കൊട്ടിന്റെ അർത്ഥം. അഞ്ചടിക്ക് കൊട്ടുക എന്നാണ് പൂതൻ കൊട്ടിന് പറയുക. അഞ്ചടിപ്പാട്ട് പാടുകയും ചെയ്യും. അതിനനുസരിച്ച് അഞ്ചടി ചുവടുവെച്ചു കളിക്കും. ഇരുന്നും നിന്നും അഞ്ചു ചുവടുകൾ വെച്ചുള്ള കളിയായതുകൊണ്ടാണ് അഞ്ചടി എന്ന് പറയുന്നത്.

"ഇവിടുണ്ടോ ഇവിടുണ്ടോ ദാരികനിവിടുണ്ടോ?

ഡും ഡും ഡും ... ഡും ഡും ഡും .... ഡും ഡും ഡും ഡും ഡും.."

## പാണപ്പൂതൻ - ഐതിഹ്യം

നൂറ്റുവരുടെ ചതിയിലൂടെ അരക്കില്ലത്തിൽപ്പെട്ട പാണ്ഡവരും കുന്തിയും അതിൽ നിന്നും രക്ഷപ്പെട്ട് തുരങ്കമാർഗ്ഗത്തിലൂടെ വരികയായിരുന്നു സമയം, എലികളും പെരുച്ചാഴികളും ചേർന്നാണ് അവർക്ക് സരയു തീരത്തേക്ക് എത്തുന്ന തുരങ്കം ഉണ്ടായിയത്. ആ സമയത്താണ് ഒരു നൊച്ചക്കൻ ഏഷണിയുമായി നൂറ്റുവർക്കരികിലേക്ക് പോയത്, നൊച്ചക്കൻ പാണ്ഡവർ ജീവിച്ചിരുന്നു എന്ന രഹസ്യം നൂറ്റുവരെ അറിയിച്ചു. പാണ്ഡവർ ജീവിച്ചിരിക്കുന്നു എന്നറിഞ്ഞ നൂറ്റുവർ സരയു നദിയിൽ വിഷം കലർത്തി. കൂടാതെ

ഉഗ്രവിഷമുള്ള ഒരു പാമ്പിനേയും ഒരു പൂതത്തേയും തുരങ്കത്തിലേക്ക് അയച്ചു. തുരങ്കം പൂർത്തിയായി പാണ്ഡവർ പുറത്തേക്കു കടക്കാനൊരുങ്ങവേ പാമ്പ് പത്തിവിരുത്തി തുരങ്കവാതിലിലെത്തി കൈയിലിരിക്കുന്ന തീക്കൊള്ളികൊണ്ട് പാമ്പിനെ തുരത്തി പാണ്ഡവർ മുന്നോട്ട് കടന്നു. അപ്പോഴാണ് പൂതന്റെ വരവ്. ഞങ്ങളെ മുന്നോട്ട് പോകാൻ അനുവദിക്കണമെന്ന് പാണ്ഡവർ പൂതത്തോട് അപേക്ഷിച്ചു, പൂതൻ വഴിമാറിയില്ല. കോപിഷ്ഠനായ ഭീമൻ മുന്നോട്ടു വന്ന് കാലുമടക്കി പൂതത്തിനെ ശക്തിയായി തൊഴിച്ചു. തൊഴികൊണ്ട പൂതൻ തെറിച്ചുപോയി. പാണ്ഡവരെ ഉപദ്രവിക്കാൻ നൂറ്റുവരയച്ച പൂതത്തിന്റെ ഓർമ്മ ആണ് പാണസമുദായക്കാർ കെട്ടിയാടുന്ന പാണപൂതൻ എന്ന് ഒരു ഐതിഹ്യമുണ്ട്. എന്നാൽ മേൽപറഞ്ഞ കഥകൊണ്ട് പാണസമുദായത്തിന് പൂതത്തിന് നിഷിദ്ധമായി എന്നും തിരിച്ചും ഒരു കഥയുണ്ട് (നാരായണൻ, ചെത്തല്ലൂർ)

എന്നാൽ മണ്ണാൻ പൂതനാണ് കണ്ണുതള്ളി നാക്കുകടിച്ച് നിൽക്കുന്ന സ്വത്വം എന്നും പാണപ്പൂതൻ നീചനായ ഭൂതം അല്ല, പൂതൻ പരിശുദ്ധൻ എന്ന അർത്ഥത്തിലാണെന്നും നാരായണൻ വാദിക്കുന്നു. (നാരായണൻ, പാലത്തൊൾ) കൂടുതൽ യുക്തിഭദ്രമായ ആഖ്യാനം ഇതാണ്. ദാരികനെത്തേടി പോയ കാളിയുടെ സഹായിയായ ഭൂതഗണമാണ് ഈ പൂതം. ആകെ അരുപതു കാളികൂളിപ്പടകളാണ് കാളിക്കുള്ളത്. ദാരികനെ എങ്ങും കാണാഞ്ഞ്, ഓരോ വീടുകളിലും ചെന്ന് അന്വേഷിക്കുന്നു എന്നാണ് കളിയുടെ ഐതിഹ്യം എന്നാണ് നാരായണന്റെ അഭിപ്രായം.

ഒരു വിധം ക്ഷേത്രങ്ങളിലൊക്കെ പണ്ട് പാണപ്പൂതൻ കെട്ടിയാടിയിരുന്നെങ്കിലും ഇന്ന് അതൊക്കെ അന്യം നിന്ന് പോയിരിക്കുന്നു.

ബ്രാഹ്മണർ നായർ തണ്ടാൻ ആശാരി അമ്പലവാസികൾ തുടങ്ങിയ ഉയർന്ന ജാതിക്കാരുടെ വീട്ടിലാണ് പാണപ്പൂതൻ കയറുക. പറയൻ, പുലയൻ/ചെറുമൻ, മണ്ണാൻ, നായാടി തുടങ്ങിയ കീഴാളജാതികളുടെ വീടുകളിലും അഹിന്ദുക്കളുടെ വീടുകളിലും കയറാറില്ല.

അനുഷ്ഠാനപരമെങ്കിലും വിനോദത്തിന് ഊന്നലുള്ള ഒരു കലാരൂപമാണ് പാണപ്പൂതൻ. സവിശേഷ അനുഷ്ഠാനങ്ങളോ പൂജയോ ഇതുമായിബാന്ധപ്പെട്ടില്ല. പടിഞ്ഞാറങ്ങാടി വേങ്ങശ്ശേരിക്കാവിൽ പാണപ്പൂതൻ ഉണ്ടായിരുന്നു. വേങ്ങശ്ശേരി തട്ടകത്തിൽ കെട്ടിയിരുന്ന പാണപ്പൂതനെ കുറിച്ച് വാസു:

"മൂന്നു ദിവസത്തെ വ്രതമനുഷ്ഠിച്ചാണ് പാണപ്പൂതൻ കെട്ടുക. തലയിൽ കിരീടം, കഴുത്തിൽ തൊങ്ങൽ, കാലിൽ ചിലമ്പ്, അരമണി എന്നീ ആഭരണങ്ങളുണ്ടായിരിക്കും. കിരീടത്തിനു വിഷ്ണുകിരീടം എന്നാണു പറയുക. കനം കുറഞ്ഞ മരവുപയോഗിച്ചാണ് കിരീടം നിർമ്മിക്കുക. ചുമപ്പ്, നീല, കറുപ്പ് തുടങ്ങിയ നിറങ്ങളിൽ അലങ്കാരം ചെയ്യും. കഴുത്തിലെ മുണ്ടിന് മതാങ്ങൾ എന്നാണ് പറയുന്നത്. വെള്ളമുണ്ട് ഞൊറിഞ്ഞുടുക്കുന്നു. മുഖത്ത് ചാന്തെഴുതും, മഞ്ഞൾ, അരിമാവ് എന്നിവ കൊണ്ടാണ് മുഖമെഴുതുന്നത് നടത്തുന്നത്. കഴുത്തിൽ കുങ്കുമമാല, തെച്ചിമാല എന്നിവ അണിയും. ചെണ്ട, ഇലത്താളം എന്നീ വാദ്യങ്ങളാണ് ഉപയോഗിക്കുന്നത്. നാലുദിക്കുകളിലേക്കും ദിക്‌വന്ദനം ചെയ്തുകൊണ്ട് ചുവടുവെച്ച് ചെണ്ടയുടെ മേളമനുസരിച്ചാണ് കളി.

## 2. വെള്ളാട്ട്

ദേശത്തെ ഭഗവതിപ്രീതിയ്ക്കായി കെട്ടിയാടുന്ന തിറയാണ് വെള്ളാട്ട്. പാണ സമുദായക്കാരാണ് വെള്ളാട്ട് കെട്ടുന്നത്. ഉത്സവക്കാലത്തു മാത്രമാണ് ഇതവതരിപ്പിക്കുന്നത്. ഒറ്റപ്പാലം, ഷൊർണൂർ എന്നിവിടങ്ങളിലാണ് വെള്ളാട്ടിന് ഏറെ പ്രചാരം. പൂതന്റെ ഒരു വകഭേദമായി വെള്ളാട്ടിനെ കാണാം. ഭഗവതിക്കാവുകളിലാണ് വെള്ളാട്ട് അവതരിപ്പിക്കുന്നത്. ആര്യങ്കാവ്, ചിനക്കത്തൂർകാവ്, കിള്ളിക്കാവ് എന്നിവിടങ്ങളിൽ ഇപ്പോഴും വെള്ളാട്ട് അവതരിപ്പിക്കുന്നുണ്ട്. ക്ഷേത്രങ്ങളുടെ പടിഞ്ഞാറെ നടയിലാണ് വെള്ളാട്ട് ചെന്നു കളിക്കുക.

വെള്ളാട്ട്, വെള്ളാട്ടി എന്നിങ്ങനെ രണ്ട് പേരുകളിൽ ഈ കലാരൂപം അറിയപ്പെടുന്നു. ദാസി, തോഴി, പാരിചാരിക എന്നീ അർത്ഥത്തിലാണ് വെള്ളാട്ടി എന്ന പേരുവന്നത്. ഭഗവതിയുടെ ദാസി എന്ന സങ്കല്പമാണ് വെള്ളാട്ടിയ്ക്ക് എന്ന് ഒരു പക്ഷമുണ്ട്. കൈയ്യിൽ വിശറി പിടിക്കുന്നതിന്റെ ഔചിത്യവും ഈ സങ്കല്പമാണ്. (ചാമി, ഒറ്റപ്പാലം)

മണ്ണാൻ തിറ പടയാളികളും പാണരുടെ വെള്ളാട്ട് ഭഗവതിയുടെ തോഴിയുമാണെന്നാണ് സങ്കല്പം. (ചാമി, ഒറ്റപ്പാലം)

മണ്ണാൻ തിറ ഭഗവതിയും വെള്ളാട്ട് ഭഗവാനുമാണെന്നാണ് സങ്കല്പം എന്ന് മറ്റൊരു വ്യാഖ്യാനവുമുണ്ട്. (അയ്യപ്പൻ, ഷൊർണൂർ)

വെള്ളാട്ടിൽ വെള്ളമുണ്ട് ഞൊറിഞ്ഞുടുക്കുന്നു. അതിനുമുകളിൽ 'തൂക്കുപാളി' (പല നിലങ്ങളിലുള്ള തുണി കഷ്ണങ്ങൾ 'നാട'പോലെ തുക്കിയിട്ടിരിക്കും) കെട്ടി, അതിനുമുകളിൽ അരത്താലി അണിയുന്നു. അരത്താലി മരംകൊണ്ടു (കനം കുറഞ്ഞമരം) നിർമ്മിച്ചതുമാകാം ചിലപ്പോൾ അരമണിയും ഉപയോഗിക്കുന്നു. ചുവന്ന മുഴുക്കൈ ഷർട്ട് ധരിച്ചിരിക്കും. ഷർട്ട് ധരിക്കണമെന്ന് നിർബന്ധമാണ്. കഴുത്തിൽ മാർത്താലി അണിയുന്നു. കൈകളിൽ കടകം (വള) ധരിച്ച് കടകത്തിന് ഇതുഭാഗത്തും കൈത്തണ്ട (വഞ്ചി) കെട്ടുന്നു. ഇരു കൈകളിലും കൈത്തണ്ടയിലും ഇത്തരത്തിൽ അണിയുന്നു. വലതുകൈയ്യിൽ വിശറിയുണ്ട്. മുഖത്ത് ചന്ദനം, മഞ്ഞൾ, അരിമാവ്, കരി ഇവകൊണ്ട് അലങ്കരിക്കുന്നു. തലയിൽ മുടിയോടുകൂടി കിരീടം ധരിച്ചിരിക്കും. മയിൽപ്പീലിയാണ് മുടിക്ക് ഉപയോഗിക്കുന്നത്. കിരീടം ഗണപതി, ഭഗവതി മുതലായവരുടെ ചെറിയ രൂപങ്ങൾ പതിപ്പിച്ചതായിരിക്കും. ഷെല്ലുകൾ, തെർമോക്കോൾ, ഗ്ലാസ്, കളർപേപ്പർ, വെൽവെറ്റ് മുതലായവ കൊണ്ടലങ്കരിച്ച വരച്ചട്ടയാണ് കിരീടമായി ഉപയോഗിക്കുന്നത്. കാലിൽ 'കാൽപ്പടം' (കാൽകെട്ടി) അണിഞ്ഞു അതിനു മുകളിൽ ചിലമ്പണിയുന്നു. കാൽപ്പാദം പൊതിഞ്ഞ നിലയിലാണ് കാൽപ്പടം അണിയുന്നത്. ചെരുപ്പ് ധരിക്കാൻ പാടില്ല. കിരീടം എൽ.ഇ.ഡി. ബൾബുകളുപയോഗിച്ച് അലങ്കരിക്കുന്ന സമ്പ്രദായം ഈയടുത്ത കാലത്തു തുടങ്ങിയിട്ടുണ്ട്. തുടിയാണ് വാദ്യം.

വീട്ടുമുറ്റങ്ങളും ഉത്സവപ്പറമ്പുകളുമാണ് വെള്ളാട്ട് അരങ്ങേറുന്ന ഇടങ്ങൾ. വീട്ടു മുറ്റങ്ങളിൽ വെള്ളാട്ട് കയറി വരുമ്പോൾ വിളക്കു കൊളുത്തി സ്വീകരിക്കുക പതിവുണ്ട്. വിളക്കുവെച്ചു സ്വീകരിക്കാത്ത വീടുകളിൽ വെള്ളാട്ട് കയറില്ല. അമ്പലത്തിൽ പടിഞ്ഞാറെ നടയിൽ പണ്ടാരകുതിരയ്ക്ക് പിറകിലായാണ് വെള്ളാട്ട് ചെന്നു നിൽക്കുക.

തുടിയുടെയും പാട്ടിന്റേയും താളത്തിനൊത്ത് ആടിക്കളിക്കുന്നു. വലതുകൈയ്യിലെ വിശറി കൊണ്ട് വീശിയാണ് നൃത്തം ചെയ്യുന്നത്. ഇടതുകൈ കൊണ്ട് കഴുത്തിൽ തൂക്കിയിട്ടിരിക്കുന്ന അറ്റം കെട്ടിയ മുണ്ടിൽ പിടിച്ചിരിക്കും.

പൂരം മുളയിട്ടാൽ വെള്ളാട്ട് ദേശത്തെ പ്രധാന വീടുകളിൽ കളി തുടങ്ങുന്നു. വഴിപാടുകളി, സമ്മാനക്കളി, കുമ്മിയടി (കുമ്മാട്ടി) ക്കളി, ആണ്ടിക്കളി എന്നിങ്ങനെ നാലു വിധം കളികൾ നടത്താറുണ്ട്. വഴിപാട് കളി - പ്രതിഫലം വാങ്ങാതെ വഴിപാടായി കളിക്കുന്നത് വഴിപാട് കളി. സമ്മാനക്കളി - വഴിപാടുകളി കളിച്ച വീടുകളിൽ വീണ്ടും ചെന്നു കളിക്കുന്നു. പ്രതിഫലം വാങ്ങുന്നു. കുമ്മാട്ടിക്കളി - വിനോദത്തിനായി കളിക്കുന്നു. സമ്മാനം വാങ്ങുന്നു. പുരത്തിനു തലേന്നാളാണ് കുമ്മാട്ടിക്കളി നടത്തുക. ആണ്ടിക്കളി - പൂരം അവസാനനാളിൽ കളിക്കുന്നത്.

വള്ളുവനാട്ടിലെ ഉത്സവക്കാലമായ കുംഭം, മീനം മാസങ്ങളിലാണ് വെള്ളാട്ട് അവതരിപ്പിക്കുന്നത്. ദേശത്തെ കൂത്ത് കൂറയിട്ടാൽ (പൂരം മുളയിടുക എന്നും പറയും) വെള്ളാട്ട് വീടുകയറാൻ തുടങ്ങും. പകൽ സമയങ്ങളിലാണ് വെള്ളാട്ട് ഇറങ്ങുന്നത്. ഉത്സവദിവസം ഉച്ചവരെ വീടുകളിൽ കളിക്കുകയും ഉച്ചയ്ക്കുശേഷം രണ്ടു മണിയോടു കൂടി ഉത്സവപ്പറമ്പിലേക്ക് പോകുകയുമാണ് പതിവ്.

ആദ്യകാലത്ത് ക്ഷേത്രത്തിൽ നിന്ന് അവകാശമായി നെല്ലും പണവും കോടിമുണ്ടും ലഭിച്ചിരുന്നു. (ചാമി, ഒറ്റപ്പാലം) പിന്നീട് അത് ഇല്ലാതായി. ദേശത്തെ വീടുകളിൽ നിന്നും പണം നെല്ല്, കോടിമുണ്ട്, നാളികേരം, അരി മുതലായവ അവകാശമായി ലഭിക്കുന്നു.

പതിനൊന്ന് ദിവസം വ്രതമുണ്ട്. മദ്യം, മത്സ്യമാംസാദികൾ ഒക്കെ ആവാം. പക്ഷേ അയിത്തശുദ്ധി പാലിക്കണം. വെള്ളാട്ടിന് ഭഗവതി സ്തുതികളാണ് പാടിക്കളിക്കുന്നത്. കുമ്മിപ്പാട്ടുകളും വെള്ളാട്ട് പാട്ടുകളും ഒന്നാണ്. പൊറാട്ടുകളിപ്പാട്ടുകളും ഉപയോഗിക്കാറുണ്ട്. മനോധർമ്മമനുസരിച്ചാണ് പാട്ടുകൾ പാടുന്നത്.

### 3. ആണ്ടിക്കളി

വള്ളുവനാട്ടിൽ ഏറെ പ്രചാരമുള്ള മറ്റൊരു കലാരൂപമായിരുന്നു ആണ്ടികളി. പാണസമുദായക്കാരാണ് ആണ്ടിക്കളി അവതരിപ്പിക്കുന്നത്. അനുഷ്ഠാനപരവും വിനോദാത്മകവുമാണ് ആണ്ടിക്കളി. പന്ത്രണ്ടു വയസ്സിൽ താഴെയുള്ള ആൺകുട്ടിയോ പെൺകുട്ടിയോ ആയിരിക്കും ആണ്ടിക്കിടാവ്. ആണ്ടിക്കളിയ്ക്ക് ആധാരമായ ഐതിഹ്യങ്ങളെക്കുറിച്ച് അറിവില്ല. രണ്ടു കുട്ടികളോ, ഒരു കുട്ടിയും ഒരു മുതിർന്ന സ്ത്രീയോ ആയിരിക്കും അവതാരകർ. ആണ്ടി കൃഷ്ണവേഷം ആണെന്നും അതല്ല സ്ത്രീ വേഷമാണെന്നും അഭിപ്രായമുണ്ട്. ലാസ്യമാണ് നൃത്തഭാവം. പൂതം സാത്വികവേഷമാണെങ്കിൽ ആണ്ടി രജോഗുണമാണ്. ആണ്ടി വേഷം തന്നെയാണ് തുടർന്ന് കുമ്മിയും കളിക്കുക. പാട്ടിലും കൊട്ടിലും ചുവടിലുമാണ് വ്യത്യാസം.

ആണ്ടിക്കിടാവ് പാവാടയും ജാക്കറ്റും ധരിച്ചിരിക്കും. പാവാടയ്ക്കു പകരം ഞൊറിഞ്ഞ മുണ്ടുമാകാം. കഴുത്തിൽ ഒരു മുണ്ട് ഉണ്ടായിരിക്കും. കൂറ എന്നാണ് അതിനു പറയുക. ചിലയിടങ്ങളിൽ തലയിൽ തുണിക്കെട്ട് ഉണ്ടായിരിക്കും.അല്ലെങ്കിൽ വരച്ച രണ്ട് ചട്ടകൾ കുമ്പിച്ച് വെച്ച് കിരീടം ഉണ്ടാക്കും. മുഖത്ത് അരിമാവ്, ചാന്ത് എന്നിവകൊണ്ട് അലങ്കാരം ചെയ്യുന്നു.

ചിലയിടത്തെ വേഷത്തിന് വ്യത്യാസമുണ്ട്-വെള്ളമുണ്ട് ഞൊറിഞ്ഞുടുത്ത് അതിനുമുകളിൽ ചുവന്ന പട്ടുടുക്കുന്നു. അരയിൽ അരമണി, ചുവന്ന തുണികൾ കഷ്ണങ്ങളാക്കി ചരടിൽ കൊരുത്ത് അരയിൽ തൂക്കിയിടുന്നു. തലയിൽ തലേക്കെട്ടും തൊപ്പികണക്കേ തലപ്പാവും ഉണ്ടാവും.

തുടി തന്നെ ആണ് ഉപയോഗിക്കുന്ന വാദ്യം. ഉടുക്ക്, ചിലയിടങ്ങളിൽ ഓട്ടുകിണ്ണവും വാദ്യമായി ഉപയോഗിക്കുന്നു.

കഴുത്തിലെ കൂറ വിടർത്തിപിടിച്ച് ഇടത്തോട്ടും വലത്തോട്ടും ചലിപ്പിച്ച് ചുവടുവെച്ച് കളിക്കുന്നു. മുന്നോട്ടും പിന്നോട്ടും കുഴഞ്ഞാടിയാണ് ആണ്ടിയുടെ നൃത്തം. കൂടുതൽ ദ്രുതമായ ചുവടുകളാണ് കുമ്മിക്കുള്ളത്. വട്ടത്തിലാണ് കമ്മി കളിക്കുക

തട്ടകത്തിൽ ഉത്സവങ്ങളോടനുബന്ധിച്ചാണ് ആണ്ടിക്കളി അവതരിപ്പിക്കുന്നത്. പൂരദിവസങ്ങളിൽ രാവിലെ മുതൽ ഉച്ചവരെ ദേശത്തെ വീടുകളിൽ കളിക്കുന്നു. ഉച്ചയ്ക്കുശേഷം ക്ഷേത്രങ്ങളിലേക്ക് പോകുന്നു. പൂതൻകളി കഴിഞ്ഞാൽ ആണ്ടി എന്നാണ് ഒന്നിച്ചു പോകുമ്പോൾ ഉള്ള ക്രമം. ഒറ്റയ്ക്കും ആണ്ടി സഞ്ചരിക്കാറുണ്ട്.

ക്ഷേത്രമുറ്റങ്ങളോ, വീട്ടുമുറ്റങ്ങളോ ആണ് ആണ്ടിക്കളി അവതരിപ്പിക്കുന്ന സ്ഥലങ്ങൾ. സവിശേഷ അരങ്ങോ, രംഗസജ്ജീകരണമോ, ദീപവിധാനങ്ങളോ ഇല്ല.

### പൂതൻകളിപ്പാട്ടുകൾ

പൂതൻകളിക്ക് പാടുന്ന പാട്ടുകളെ അഞ്ചടിപ്പാട്ടുകൾ എന്ന് പറയും. അഞ്ചടിക്ക് കൊട്ടുന്നതുകൊണ്ടാണ് ഈ പേർ വന്നത് ( നാരായണൻ പാലത്തോൾ) സത്വഗുണപ്രധാനമായ പൂതന് പാടുന്ന പാട്ടുകൾ ദേവതാ സ്തുതികളാണ്. ഇവ എണ്ണത്തിൽ കുറയും. രാമായണം ഭാരതം കഥകളുടെ സംക്ഷിപ്തരൂപമോ ഏതെങ്കിലും കഥാസന്ദർഭങ്ങളോ കേവലസ്തുതികളോ ആവാം.

രാമായണത്തിലെ കഥാ സൂചനകളുമായി ഒരു പാട്ട് ഉദാഹരണം.

അഴകിയ രാവണനും....

അതിക്രമം പലരോടും....

തുടർന്നു കൈകൊടുത്തപ്പോൾ....

അറിഞ്ഞിട്ടുള്ളാവസ്ഥകൾ....

പറഞ്ഞു മാരീചനോടും....

അതിനെന്തോരുപായം!....പൊൻമാൻ ...

പൊൻമാനേ പിടിപ്പാനും

നിർമ്മലനായ രാമൻ....

പോർവില്ലും ശരവുമായ്....

മാർവ്വിടം വലിച്ചൊന്നെയ്ത്

മായസീതയെ....

തകതകതക താന്തിന്തക....

മായാസീതയെ രാവണൻ കട്ടു

ലങ്ക പൂക്കയ്യോ....

## ആണ്ടിപ്പാട്ട്

ആണ്ടിപ്പാട്ടുകളും അതി ഹ്രസ്വ സ്വഭാവമുള്ളവയാണ്. ഈരടികളുടെ രൂപത്തിലുള്ളവ ഒറ്റപ്പാട്ടുകളാണവ. ലാസ്യഭാവത്തിലുള്ള ചെറു ചുവടുകളും ഇളം വേഷക്കാരൻ ആയതുകൊണ്ടുമാവാം കൃഷ്ണപ്പാട്ടുകളാണു കൂടുതലും ഉള്ളത്. കഥകളേക്കാൾ കീർത്തനങ്ങളോ സ്തുതികളോ ആണ് ഇവ, ഗാനാത്മകമാണ് പാട്ടുകൾ. നമ്മുടെ കിർത്തനപാരമ്പര്യത്തിലെ ഏത് രചനകളോടും കിടപിടിക്കുന്ന രചനാമികവ് ഇവയ്ക്കുണ്ട്. എഴുത്തച്ഛനും പൂന്താനവും തൊട്ട് ഇരയിമ്മൻ തമ്പി വരെയുള്ള കവികളുടെ പിൽക്കാലത്ത് തെളിമലയാളമായി മാറിയ ശുദ്ധമണിപ്രവാളശൈലിയിലുള്ള ആധുനികകാവ്യ ഭാഷയാണ് ആണ്ടിപ്പാട്ടുകൾക്ക് കാണുന്നത്. കിഴക്കൻ പാലക്കാട് നിന്നു ലഭിക്കുന്ന പാട്ടുകളെ അപേക്ഷിച്ച് വള്ളുവനാട്ടിലെ പാട്ടുകൾക്ക് തമിഴിനേക്കാൾ സംസ്കൃതത്തോടാണു ബന്ധം എന്ന് കാണാം. പാഹിമാം, ദേവാദിദ്വാ വല്ലഭാ, മമ, കമലലോചനാ തുടങ്ങിയ സംസ്കൃതമട്ടുള്ള പ്രയോഗങ്ങൾക്കൊപ്പം ദണ്ണം, മയ്യ്, തൂളം,കോമുള്ള തുടങ്ങിയ തനി നാട്ടുവാക്കുകളും ഇടകലർന്നിരിക്കുന്നു. വാമൊഴി ശൈലിയിലാണ് ഭാഷ. പൂതനെ പോലെ പാട്ടില്ലാതെ വെറും തുടികൊട്ടൽ മാത്രമായി ആണ്ടി അവതരിപ്പിക്കുന്ന സ്ഥലങ്ങളുമുണ്ട്.

ആണ്ടിക്കളിപ്പാട്ടായി പാടുന്ന പാട്ടുകൾ പൊതുവെ ദേവതാ സ്തുതികളാണ്. നമ്മുടെ കീർത്തനപാരമ്പര്യത്തിലെ പൊതു സമ്പ്രദായത്തെ പിന്തുടർന്നു ചിട്ടപ്പെടുത്തിയ ഈരടികളാണിവയിൽ കാണുന്നത്. മണിപ്രവാളവും നാട്ടുമൊഴിയും ഇടകലർന്ന ഒരു ഭാഷാശൈലിയാണു പിന്തുടരുന്നത്. ചിലപാട്ടുകൾ നോക്കുക.

1. 'ഓടക്കുഴലും ഓമനാ....
   നീലക്കൺപീലിനിവർത്തീ....
   ആടിയായ് കൊണ്ടു പാഹിമാം...!
   ഓടക്കുഴൽ വിളിയും കളിയും ധര....
   ആടുന്ന പീലികൾ തിരിയുന്ന മുടികളും....
   ആടിക്കൊണ്ടാനേരത്തിൽ....
   തേടിക്കൊണ്ടെടോ നീയും....
   കാലടി പൊടിതൂളം....
   മേലാകെ തൂളം.....
   ശിവ ശിവ വേഷോ ജയ...ജയ...!'

2. തെഞ്ചിട തെഞ്ചിട തന്നിലൊരമ്പിളി....
   കാത്തരുളീടണം കമലപുരാനേ....
   കോലൊടു കുടതക പൂണ്ടൊരു നാഥാ...
   കോലാലേ കുഴൽ ഊതി വരുമ്പോൾ.....
   കോമുള്ള പുഞ്ചിരി തന്നുടെ ഭക്ത്യാ....
   ദേവാദിദേവാ വല്ലഭാ.... ആ....ആ......!
   കൊട്ടോടു ശീവേലിയും....
   പിഴയാതെയിവയെല്ലാം.....

ഇഷ്ടമൊത്തൊരു വേലകാൺമതി....
നൊക്കെ നമ്മുടെ കാവലും.....
തൃക്കൺ പാർത്തരുള്ളേണമേ.....
കല്യാണ മൂർത്തേ.....
തൃക്കൺ പാർത്തരുള്ളേണമേ...!

3. 'ഉണ്ണീ നിന്നെ കാണേണമേ
കണ്ടനാളിലോ...മമ.....
സ്വർഗ്ഗലോകം ചേരവേണം...
കൃഷ്ണാമാധവാ...!
കൃഷ്ണനുണ്ണീ വാസുദേവാ...
ദേവമൊഴി നടന്നു ഞാൻ....
പുണ്യാർനാഥ മയ്യിൽകൊണ്ടു...
പൂണ്ടീടുന്നിതാ.....!
കൺനനഞ്ഞു മമ ദണ്ണമേ കേട്ടൂ...'
കുന്ദളങ്ങളണിയെന്ന മുരാരേ....
കണ്ണാ കമലോചനാ...
കാർമുകിൽ വർണ്ണാ....
നന്നായ് മുകുന്ദ പാഹിമാം...!

4. ശിവ ശിവയെന്നും പാടും...
അവരുടെ മനസ്സാരം...
ശിവ ശിവ ഹരനേ....
കാശീങ്കൽ വാഴാം....
ധനയോർപ്പ വൈരി താനയാ...! **(നാരായണൻ, പാലത്തോൾ)**

## കുമ്മിപ്പാട്ട്

സ്ത്രീകൾ മാത്രം കളിക്കുന്ന നൃത്തരൂപമാണ് കുമ്മി. തമിഴ് നാട്ടിലും കേരളത്തിലുടനീളവും കുമ്മികളി വിവിധ രൂപങ്ങളിലായുണ്ട്. കൂടുതലും പ്രചാരം കൈകൊട്ടിക്കളിയായും തിരുവാതിരക്കളിയായുമാണ്. കീഴാള നൃത്തരൂപമായ കുമ്മി തിരുവാതിരക്കളിയിലേക്ക് ഉൾച്ചേരുകയാണു ചെയ്തത് എന്ന് വാദമുണ്ട്. തമിഴ്- ദേശി പാരമ്പര്യമാണ് കുമ്മിക്കുള്ളതെന്നു പറയാം. പൊങ്കലുമായി ബന്ധപ്പെട്ടും പെൺ കുട്ടികൾ ഋതുമതിയാവുന്ന ചടങ്ങുകളിലുമാണ് തമിഴകത്ത് കുമ്മി പൊതുവെ അവതരിപ്പിക്കറുള്ളത്. ഓണക്കാലത്തും തിരുവാതിരക്കാലത്തുമാണ് കേരളത്തിൽ കൈകൊട്ടിക്കളിക്ക് പ്രാധാന്യം. രണ്ട് സമ്പ്രദായത്തിലും സ്ത്രീകൾ വട്ടമിട്ട് മറ്റ് വാദ്യോപകരണങ്ങളുടെ സഹായമില്ലാതെ പാടിക്കളിക്കുകയാണു ചെയ്യുക.

*"കൈകൊട്ടിക്കളിയും കുമ്മിയും തമ്മിൽ വലിയ വ്യത്യാസമില്ലആതിരോത്സവത്തിനും . ഓണാഘോഷത്തിനും കൈകൊട്ടിക്കളിക്കുമ്പോൾ കുമ്മികൂടി നടത്താറുണ്ട്* " (എംവിഷ്ണു . വി. നമ്പൂതിരി, ഫോക്‌ലോർ നിഘണ്ടു, പു .259) കുമ്മി മാത്രമല്ല അഞ്ചടിപ്പാട്ടുകളും മറ്റ് നാടൻ പാട്ടുകളും കൂടി തിരുവാതിരക്കളിയിയിൽ അലിഞ്ഞു ചേർന്നിട്ടുണ്ട്. "*തുടക്കത്തിൽ മന്ദമായും രാഗം നല്ലപോലെ വിസ്തരിച്ചും പതികാലത്തിൽ ആരംഭിക്കുന്ന കളി പകുതിയാകുമ്പോഴേക്കും ചുവടുകളുടെ ദ്രുതഗതിയാൽ ചടുലമാവുകയായികുമ്മി ., കുറത്തി, വഞ്ചിപ്പാട്ട്, അഞ്ചടിപ്പാട്ട്, പോർവിളിപ്പാട്ട് എന്നിങ്ങനെ പാട്ടിനുവേഗവും ചുവടിന് ശക്തിയും വരും.*" (ദേവകി നിലയങ്ങോട്, കാലപ്പകർച്ചകൾ, പു .144). കഥകളിയിലും സ്ത്രീ കഥാപാത്രങ്ങളുടെ വിനോദലീല എന്ന നിലയിൽ അഭിനയപ്രധാനമല്ലാത്ത കുമ്മി സമ്പ്രദായത്തിലുള്ള നൃത്തം സന്നിവേശിപ്പിക്കപ്പെട്ടിട്ടുണ്ട്. നാടോടിത്താളമെന്ന രീതിയിൽ തുള്ളലിലും കുമ്മി കാണാം. (എം വി. വിഷ്ണു നമ്പൂതിരി, കേരളത്തിലെ നാടൻ സംഗീതം, പേജ് 9) മലയാളത്തിലെ നാടൻ പാട്ടുകളിലെ ഒരു പ്രധാനഗണമായി പരിഗണിക്കാവുന്ന വിധം കുമ്മിപ്പാട്ടുകളുടെ എണ്ണം കൂടുതലാണ്. ശൃംഗാരത്തിനു പ്രാധാന്യമുള്ള ലാസ്യനൃത്തമാണ് കുമ്മി. പാട്ടുകൾക്കും ഈ സ്വഭാവം കാണാം. നാടൻ പാട്ടായി പ്രചാരത്തിലിരിക്കുന്ന

കുമ്മിസമ്പ്രദായത്തിൽ സാഹിത്യകൃതികളും വന്നിട്ടുണ്ട്. ഇരയിമ്മൻ തമ്പിയുടെ ശ്രീമദനന്തപുരത്തിൽ വാഴും തൊട്ട് പണ്ഡിറ്റ് കെ. പി. കറുപ്പന്റെ ജാതിക്കുമ്മി വരെ നമ്മുടെ സാഹിത്യത്തിൽ ചിരപ്രതിഷ്ഠം നേടിയ കൃതികൾ നിരവധിയാണ്. നാടോടിത്താളം എന്ന രീതിയിൽ കുമ്മിയെ എം. വി. വിഷ്ണു നമ്പൂതിരി പരിചയപ്പെടുത്തുന്നുണ്ട്. (എം വി. വിഷ്ണു നമ്പൂതിരി, കേരളത്തിലെ നാടൻ സംഗീതം, പേജ് 151)

ഈ സ്ത്രീ നൃത്തത്തിന്റെ അനുകരണരൂപമാണ് പാണന്റെ കുമ്മിക്കളി. ആണ്ടി വേഷം തന്നെയാണു കുമ്മിക്കളി നടത്തുന്നത്. പെൺ കുട്ടികളാണു വേഷം കെട്ടാറ്. തുടി കൊട്ടിത്തന്നെയാണു പാടുന്നത്. മറ്റ് കുമ്മിപ്പാട്ടുകളുടെ അതേ ചൊൽക്കെട്ടു തന്നെയാണു പാണക്കുമ്മിയിലും.

"ഒട്ടും മടിയ്ക്കണ്ട കുമ്മിണിയേ നല്ല

തോളുക്കു കൈവള പൂണ്ടീടുവാൻ,

തോളുക്കു കൈവള ചെണ്ട്, മണിക്കൂട്ടം...

കെട്ടിയടിയ്ക്കേണം കുമ്മിണിയേ!..."

ഉൽസവകാലത്ത് കുമ്മിയടിക്കാൻ ആഭരണങ്ങളൊക്കെ അണിഞ്ഞ് നന്നായി ഒരുങ്ങി വരാൻ തോഴിയെ വിളിക്കുന്ന രീതിയിലാണു പാട്ട് ആരംഭിക്കുന്നത്

"കുമ്മിയടി പെണ്ണേ കുമ്മിപ്പെണ്ണേ....

അലങ്കാരക്കുമ്മിയിട്ടാടുപെണ്ണേ....

അയ്യോ കുമ്മി പരക്കെയടി പെണ്ണേ...

താളത്തിനൊത്തോരു കുമ്മിയടീ....."

എന്നിങ്ങനെ കുമ്മിയിൽ കാണുന്ന ശീലുകൾ പാണക്കുമ്മിയിൽ കാണാം. പാർവ്വതീ ദേവി പണ്ട് കുമ്മിയടിച്ചതിനെ പറ്റി പാട്ടിൽ പരാമർശിക്കുന്നുണ്ട്. ആണ്ടി വേഷത്തെയും പാട്ടാക്കുന്നുണ്ട്.

"ആട്ടിൻതലപോലെ കൊങ്കകെട്ടിപെണ്ണ്

ആടയാഭരണമൊക്കെ ചാർത്തി...

ദേവലോകത്തു വിരിച്ചോരു പന്തലിൽ

പാർവ്വതിയ്ക്കൊത്തോരു കുമ്മിയടീ!...."

ഏറിയശീല ഞൊറിഞ്ഞുടുത്ത്...

ആരാലും പേരാലും പേരാടികുന്നത്ത്

അരികെ മുളച്ചോരു വേങ്ങശ്ശേരി!...

വേങ്ങശ്ശേര്യമ്മടേ കൊങ്കകളികണ്ടു

കുമ്മിയടിയ്ക്കേണം കുമ്മിണിയേ...

അമ്മതൻ തൃക്കണ്ണു പാർത്തരുളീടുവാൻ

തൊഴുതുവാഴ്ത്തികുമ്മിയടി!..."

പുരാണകഥാ സൂചനകളും സ്തുതിയും അമ്പലത്തെ പറ്റിയുള്ള വിവരണവും അണിഞ്ഞൊരുങ്ങലും കുടുംബകാര്യങ്ങളും ഉപദേശ നിർദേശങ്ങളും കലഹവും അസംബന്ധ കലവികളും ഒക്കെ ചെറു ശകലങ്ങളായി ഈരടികളിൽ കൊരുത്തിടുന്ന സമ്പ്രദായമാണു കാണുന്നത്. പ്രസന്നമായ ഒരു ഭാവാന്തരീക്ഷം ഉള്ള ഈ പാട്ടുകളിൽ ഭക്തിയേക്കാൾ ലീലയ്ക്കാണു മൂല്യം. പാഠം ഒന്നിച്ചെടുക്കുമ്പോൾ അസംബന്ധപൂർണ്ണമായ അർത്ഥമാണു ഒറ്റവീക്ഷണത്തിൽ ലഭിക്കുക.

`എന്തെടി കാളി മഹേശ്വരിയെന്നോട്

അന്തമില്ലാതെ കലഹിയ്ക്കുന്ന്...

എന്നു തിരിച്ചുവരുമെന്നു ചൊല്ലണേ

നിന്നെയെനിയ്ക്കൊന്നു കാണുവാനേ!...

ഇല്ലിക്കെട്ടെന്തിനാ മുളെളന്തിനാ പെണ്ണേ

തല്ലീം കൊണ്ടെന്തിനാ പോയെന്തിനാ...

ഇന്നലെ വന്നോരു ചെക്കനേം പെണ്ണിനേം

നുള്ളീം കൊണ്ടെന്തിനാ പോയെന്തിനാ!...

ഞാനൂന്റെളിയനും തോട്ടുക്കുടിപോകുമ്പോ

തോട്ടിൽക്കടക്കുന്നു ചക്കത്തുണ്ടം

ചക്കയൊരുചുള ചകിണിയൊരു ചുള

നീലാണ്ടൻചുള നീണ്ടചുള'!...

"ഞാനൂന്റളിയനും തോട്ടു വരമ്പേ പോകുമ്പം തോട്ടുവരമ്പത്തുണ്ടൊരു ചക്കത്തുണ്ടം" എന്ന വരികളൊക്കെ ചെറുമക്കളിപ്പാട്ടിലും കാണുന്നുണ്ട്.

വിനോദത്തോടൊപ്പം കുമ്മിപ്പാട്ടുകളിൽ ഗഹനമായ തത്വചിന്തകളും അനായാസമായി കടന്നു വരുന്നു.

"കോട്ടയ്ക്കു വലിയോരു കൊമ്പനാന പെണ്ണേ

കൊമ്പത്തുരണ്ടു കിളിക്കൂട്...

ആയെടി പെണ്ണേ കുമ്മിപ്പെണ്ണേ

അലങ്കാരകുമ്മി കളിച്ചാണ്!....

കൂടുണ്ടൊരൊമ്പതു കോലകലം പെണ്ണേ

കൂടുകൾ നീളമുണ്ടൊമ്പതുചാൺ,

ആരുണ്ടൊരാധാരം കൂടെനില്പാൻ പെണ്ണേ

അഞ്ചുമരം പണി ചെയ്ത കൂട്ടിൽ!...

കൂടകംവിട്ടു കുയിൽ പറന്താൽ പെണ്ണേ

കുയിലുണ്ടോ കൂടോടണഞ്ഞിടുന്നൂ....

കാടകംവിട്ടു കരമറന്താൻ പെണ്ണേ

കഞ്ചിക്കരായം പണം വരുമേ!..."

ശരീരത്തെ ക്ഷേത്രമായും കിളിക്കൂടായും ആത്മാവിനെ കിളിയായും ആവിഷ്കരിക്കുന്ന ഭാരതീയ ആത്മീയ പാരമ്പര്യത്തിന്റെ രൂപക ഭാഷ തന്നെയാണ് ഈ പ്രകരണത്തിലും അവതരിപ്പിക്കപ്പെടുന്നത്. പാണരുടെ ചില പൊറാട്ടുകളിപ്പാട്ടുകളിലും ശരീരശാസ്ത്രപരമായ ഇത്തരം തത്ത്വങ്ങൾ കാണാം.

പാണരുടെ മറ്റ് പാട്ടുകളിൽ കാണുന്നതു പോലെ കളി കാണുന്ന മാലോകരോട് സമ്മാനങ്ങൾ ആവശ്യപ്പെടുന്ന പാട്ടുകളും കളിയുടെ അവസാനത്തിൽ വരുന്നു.

കുമ്മികളി കണ്ടിരിയ്ക്കുന്ന...

മാലോകരെ നിങ്ങളൊന്നു വേണം...

ചാടിക്കളിയ്ക്കുന്ന പാവത്തെ കണ്ടിട്ട്

പട്ടോടുറുമാലു നൽകീടണേ!...

പട്ടോടുറുമാലു നൽകീടണം പിന്നെ

മോതിരം കൈവള നൽകീടേണേ..

ഒടുവിൽ ദേശത്തമ്മയ്ക്ക് വന്ദനം ചൊല്ലി പാട്ടും കളിയും അവസാനിക്കുന്നു.

കേരളത്തിലെ ഭഗവതിക്കാവുകളിൽ ദേശ്യഭേദമനുസരിച്ച് പലപ്രകാരങ്ങളിൽ ആണ്ടുതോറും അവതരിപ്പിക്കപ്പെടുന്ന കാളിദാരികവധം കഥയുടെ വള്ളുവനാടൻ ഏറനാടൻ പതിപ്പായ വേലവരവ് എന്ന ബൃഹത്തായ കാർണിവലിലെ ഒരു നാട്ടരങ്ങുരൂപമാണ് പാണപ്പൂതൻ എന്ന് പറയാം. ഒരു ഉപവേഷത്തിന്റെ ലളിതനിർവഹണമായിരിക്കെതന്നെ അത് സ്വയം പൂർണ്ണമായ ഒരു രംഗാവതരണമായി വ്യക്തിത്വത്തോടെ നിലനിൽക്കുകയും ചെയ്യുന്നുണ്ട്. ഈ ആവിഷ്കാരത്തിലൂടെ പാണസമൂഹത്തിന് ഒരു ജനപദത്തിനു മുഴുവൻ പങ്കാളിത്തമുള്ള ഒരു വലിയ കൂട്ടായ്മയിൽ തങ്ങളുടെ ജാതിസ്വത്വവും ജാതീയമായ അവകാശവും സ്ഥാപിച്ചെടുക്കാനും കഴിയുന്നുമുണ്ട്. മറ്റ് പൂതൻ തിറ ആവിഷ്കാരങ്ങളിൽ നിന്ന് പാണപ്പൂതനെ വ്യത്യസ്തമാക്കുന്നത് ഈ പാട്ടുകളാണ്. 'പാട്ടുപാടുന്നവൻ' എന്ന ആ ജാതി അടയാളം പാണർ പൂതൻ കളിയിലും നിലനിർത്തിയിരിക്കുന്നു. ആ അർത്ഥത്തിൽ പാണപ്പൂതന്റെ ആട്ടവും ചൊല്ലും ആ സമുദായത്തിന്റെ സ്വത്വപ്രഖ്യാപനം കൂടിയാണ്.

കളിക്കൊപ്പം പാടുന്ന ഈരടികൾ എന്ന നിലയ്ക്കപ്പുറം ഒരു നാടൻപാട്ടു ജനുസ്സ് എന്ന പദവി ഈ പാട്ടുകൾക്ക് ഇതുവരെ കൈവന്നിട്ടില്ല. ഇവ എവിടെയും ശേഖരിക്കപ്പെട്ടിട്ടുമില്ല. ജി. ഭാർഗവൻപിള്ളയുടെയും മറ്റും പാണപ്പാട്ട് സമാഹാരങ്ങളിൽ പൂതൻ കളിപ്പാട്ടുകൾ കാണാനില്ല. ദേവതാസ്തുതിക്കൊപ്പം ലളിതമായ ഭാഷയിൽ ബൃഹത്തായ തത്ത്വചിന്തകൂടി ആവിഷ്കരിക്കുന്ന ഈ പാട്ടുകൾ എഴുത്തച്ഛന്റെ കിളിപ്പാട്ടുകളിലോ മറ്റോ ആയിരുന്നു പ്രത്യക്ഷപ്പെട്ടിരുന്നതെങ്കിൽ അവ മഹത്തായ സാഹിത്യമായി നമ്മുടെ സാഹിത്യചരിത്രങ്ങളിൽ സ്ഥാനപ്പെടുമായിരുന്നു. നമ്മുടെ കീർത്തനപാരമ്പര്യത്തിലെ തന്നെ ഉജ്ജ്വലമായ ഒരു വഴിയായ ഈ അഞ്ചടിപ്പാട്ടുകളും ആണ്ടിപ്പാട്ടുകളും കുമ്മിപ്പാട്ടുകളും അച്ചടിക്കപ്പെടാത്തതുകൊണ്ട് ഒരു പ്രബല സാഹിത്യരൂപമായോ നാടൻപാട്ട് ജനുസ്സായോ അടയാളപ്പെടാതെ ലഘു വാമൊഴിരൂപങ്ങളായി അവശേഷിക്കുന്നു. അച്ചടി എങ്ങനെയാണ് നമ്മുടെ ലഘുപാരമ്പര്യത്തിൽ ചിലതിനെ പ്രബല പാരമ്പര്യമാക്കി പരിവർത്തിപ്പിച്ചത് എന്നും ആധുനികസാങ്കേതികവിദ്യയിലേക്ക് സന്നിവേശിപ്പിക്കപ്പെടാത്തവ എങ്ങനെ വിസ്മൃതിയിലേക്ക് ഉപേക്ഷിക്കപ്പെട്ടു എന്നതിനും ഈ പാട്ടുകൾ ഒരു സാക്ഷ്യമാണ്.

## References


Bhargavan Pillai G, (2009), Keralathile Pananmar PattukaL N.B.S, Kottayam.

Devaki Niyankode, (2005), Kalaparachakal, Mathrubhoomi Books.

Folklore Nighantu, (1989), Kerala Bhasha Institute.

Malabarile Panapattukal (1981), SPSS, Kottayam.

Santhosh H.K., (1998), Folklore Vazhiyum Porulum, Samskrithi Publications.

Vishnu Namboodiri M.V., (2005), Keralathile Nadan Samgeetham Kerala Pathana Kendram.


### Informants

Ayyappan (80), Mudinjaril Parambil, paruthipra, Shornur.
Chami K (63) Kattanapadi, Thottakara, Ottapalam
Narayanan (52) Palathole, Mattaya, Elamkulam.
Narayanan N P (55), Narukkottil, Chethallur
Raghavan (61), Kunnatheri ,Thekke Vavanur, Kootanad.
Vasu (66) Paruvakkappaliyalil, Thalakkasseri, Thrithala


## Funding

No funding was received for conducting this study.

## Conflict of interest

The Author has no conflicts of interest to declare that they are relevant to the content of this article.

## About the License

© The author 2021. The text of this article is open access and licensed under a Creative Commons Attribution 4.0 International License

## Cite this Article

H.K. Santhosh, Poothan Kali Songs : an analysis of their types, themes and functions, Indian Journal of Multilingual Research and Development, Vol 2, Iss 1 (2021) 24-34. DOI: https://doi.org/10.34256/ijmrd2114